LIBRARY ARCHIVES Kerala Legislative Assembly

ജയിലുകളിലെ ഭക്ഷ്യോല്പാദന യൂണിറ്റുകൾ

276 (2105) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ ഭക്ഷ്യോത്പാദന യൂണിറ്റുകളും സംരക്ഷ സംരഭവും ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; ആയതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ഉണ്ട്. തടവുകാർക്കുള്ള തൊഴിൽ പരിശീലനമെന്ന നിലയിൽ ആരംഭിച്ച ഭക്ഷ്യോല്പാദന യൂണിറ്റിലൂടെ പൊതുജനങ്ങൾക്ക് ഗുണമേന്മയേറിയ ഭക്ഷണസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി "സംരക്ഷ" എന്ന പേരിൽ അറിയപ്പെടുന്നു. തടവുകാരുടെ പുനരധിവാസത്തിന് ആവശ്യമായ പരിശീലനവും പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ഭക്ഷ്യോല്പന്നങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുക എന്നതുമാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ടി പദ്ധതിക്കാവശ്യമായ സാധനസാമഗ്രികൾ സജ്ജീകരിക്കുകയും വിതരണത്തിന് ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തടവുകാർക്ക് നൽകുന്ന വേതനം

277 (2106) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് ജയിലിനുള്ളിലെ ജോലിയ്ക്ക് നൽകുന്ന ഒരു ദിവസത്തെ വേതനം എത്ര രൂപയാണ് ; ഇത് ഏറ്റവും ഒടുവിൽ പരിഷ്കരിച്ചതെന്നാണ് ;

(ബി) തടവുകാർക്ക് ജയിലിനുള്ളിലെ എല്ലാത്തരം ജോലികൾക്കും തുല്യവേതനമാണോ നൽകിവരുന്നത് ; അല്ലെങ്കിൽ ഇത് നൽകുന്നതിന്റെ മാനദണ്ഡമെന്താണ് ;

(സി) ശിക്ഷാ കാലാവധിയ്ക്കുശേഷം പുറത്തുവരുന്ന തടവുകാർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകുവാൻ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരക്കാർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമായ തരത്തിലുള്ള വേതനം ജയിലുകളിലെ ജോലിയ്ക്ക് ലഭിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നില്ലേ ; എങ്കിൽ ഈ വേതനം പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?